I/89156/2023

"ഭരണഭാഷ മാതൃഭാഷ"

**നമ്പർ.TCPKZD/127/2023/C1** **തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം,**
**An ISO 2005-9001 Certified Office,**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം,
വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി. **17-03-2023**
ഫോൺ:0495-236 9300,
ഇ-മെയിൽ:
tpkzd.lsgdplng@kerala.gov.in

**നഗരാസൂത്രകൻ,**
കോഴിക്കോട്
**അസി.എന്‌ജിനിയർ**
കോഴിക്കോട് നഗരസഭ (ബേപ്പൂർ മേഖല)

സർ,

വിഷയം:- കോഴിക്കോട് നഗരസഭ (ബേപ്പൂർ മേഖല)-പരിസ്ഥിതിലോല മേഖലയിൽ വാസഗൃഹ നിർമ്മാണം-ശ്രീ.റിയാസ് എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 24/11/2022 ലെ BZ/TP/4292/2022 കത്ത്

കോഴിക്കോട് നഗരസഭ (ബേപ്പൂർ മേഖല), ബേപ്പൂർ വില്ലേജിൽ, ഇലക്ട്രൽ വാർഡ് - 53, റീസർവ്വേ നമ്പർ 1 ൽ, 162 ച.മീ സ്ഥലത്ത്, 81.72 ച.മീ ബിൽറ്റ്അപ്പ് ഏരിയയിൽ ഒരു വാസഗൃഹ നിർമ്മാണത്തിന് ശ്രീ.റിയാസ് എന്നിവർ സമർപ്പിച്ച അപേക്ഷയിൽ GO.(Ms.)No.1/2019/LSGD, തീയ്യതി 03.01.2019, കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ 2035 മേഖല നിയന്ത്രണ ചട്ടം ഭേദഗതി 12(c) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകി ഇതിനാൽ അറിയിക്കുന്നു.

**നിബന്ധനകൾ**

1. സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, CRZ notification 2011 മറ്റ് ബാധകമായ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം അനുവദിക്കാവുന്നതാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
3. നിർദിഷ്ട പ്ലോട്ട് തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നതിനാൽ CRZ

I/89156/2023

notification 2011 പ്രകാരം ബന്ധപ്പെട്ട അധികാരികളിൽ നിന്ന് CRZ അനുമതി ലഭ്യമാക്കേണ്ടതാണ്.

4. നിർമ്മാണം കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ 2035 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

**നോട്ട്:-** *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ 2035 മേഖല നിയന്ത്രണ ചട്ടം പ്രകാരം പരിസ്ഥിതിലോല മേഖലയിൽ വാസഗൃഹം നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ്*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 17-03-2023 16:17:38

**നഗരാസൂത്രകൻ**

**കോഴിക്കോട്**

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്